Phone : 0484 - 2462341

Fax : 0484 -2466878
e-mail info@sreesankaracollege.org
info@ssc.edu.in

# SREE SANKARA COLLEGE

(Affiliated to the Mahathma Gandhi University and included
under Sec. 2 ( f ) list / and 12 (B) of the U G C Act)
and Re - accredited by NAAC with A grade

PATRON : HIS HOLINESS JAGADGURU
SREE SANKARACHARYA MAHASWAMIGAL
SRI SARADA PEETHAM, SRINGERI

POST BOX No. 1
**KALADY - 683 574**
ERNAKULAM DIST.
KERALA STATE

09-08-2024

## ക്വട്ടേഷൻ നോട്ടീസ്

കാലടി മറ്റൂരിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് എയ്ഡഡ് കോളേജായ ശ്രീ ശങ്കരാ കോളേജിലെ വിദ്യാർത്ഥികൾക്കും, അദ്ധ്യാപകർക്കും, സ്റ്റാഫ് അംഗങ്ങൾക്കും കൂടാതെ ഇവിടെ എത്തുന്ന അതിഥികൾക്കും ഭക്ഷണം പാകം ചെയ്ത് നൽകുന്നതിനായി കരാറടിസ്ഥാനത്തിൽ 01-09-2024 മുതൽ 31-05-2025 വരെ കോളേജ് ക്യാമ്പസ്സിലെ കാന്റീൻ, വനിതാ ഹോസ്റ്റലിലെ ഭക്ഷണ വിതരണം എന്നിവ നടത്തിക്കൊണ്ടുപോകുന്നതിന് താല്പര്യമുള്ളവരിൽ നിന്നും മുദ്ര വച്ച ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷൻ ഫോമും നിബന്ധനകളും കോളേജ് വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ് (www.ssc.edu.in). പൂരിപ്പിച്ച് ക്വട്ടേഷനുകൾ 23-08-2024 ഉച്ചക്ക് 3 മണിക്ക്മുമ്പായി ലഭിച്ചിരിക്കേണ്ടതാണ്.

09/08/24

പ്രിൻസിപ്പൽ

Prof. (Dr.) ANILKUMAR M.
Principal
Sree Sankara College
Kalady - 683 574
Ernakulam, Kerala

SREE SANKARA COLLEGE
KALADY

# കരാർ വ്യവസ്ഥകൾ

1. കോളേജ് കാന്റീനിലും വനിതാ ഹോസ്റ്റലിലും വെജിറ്റേറിയൻ ആഹാരം മാത്രമേ വിതരണം ചെയ്യാൻ പാടുകയുള്ളൂ. ക്വട്ടേഷൻ നൽകുന്ന വ്യക്തികൾക്ക് വെജിറ്റേറിയൻ ഭക്ഷണങ്ങൾ പാചകം ചെയ്യുന്നതിൽ പ്രാവിണ്യമുണ്ടായിരിക്കണം.
2. പാചകത്തിനാവശ്യമായ വെള്ളം, വൈദ്യുതി എന്നിവ കാന്റീനിൽ ലഭ്യമാക്കുന്നതാണ്.
3. കാന്റീൻ നടത്തിപ്പിനാവശ്യമായ ഹാൾ, അടുക്കള, അത്യാവശ്യം വേണ്ട മേശകൾ, കസേരകൾ തുടങ്ങിയവ ലഭ്യമാക്കുന്നതാണ്.
4. പാചകത്തിനാവശ്യമായ ഗ്യാസ്, പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ, പാൽ മുതലായവ മാർക്കറ്റിൽ നിന്നും ആവശ്യാനുസരണം വാങ്ങേണ്ടതാണ്.
5. പാചകം ചെയ്യുമ്പോൾ ശുചിത്വം പാലിക്കേണ്ടത് അത്യാവശ്യമാണ്. തിളപ്പിച്ച വെള്ളം/ ഫിൽട്ടർ വാട്ടർ മാത്രമേ കുടിക്കാനായി നൽകാവൂ. ജീവനക്കാർ നിർബ്ബന്ധമായും ക്യാപ്പ് ധരിക്കേണ്ടതാണ്.
6. കാന്റീൻ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയമങ്ങൾക്ക് വിധേയമായതിനാൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരത്തിലും പരിസര ശുചിത്വത്തിലും അങ്ങേയറ്റം ശ്രദ്ധ പുലർത്തേണ്ടതാണ്. വകുപ്പിന്റെ പരിശോധനകളിൽ എന്തെങ്കിലും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ അതിന്റെ ഉത്തരവാദിത്തം പൂർണ്ണമായും കരാറുകാർക്ക് തന്നെ ആയിരിക്കും.
7. ഭക്ഷണ സാധനങ്ങൾ നിർദ്ദിഷ്ടസമയങ്ങളിൽ നല്കുകയും, വൃത്തിയായി വിളമ്പുകയും വേണം.
8. കാന്റീന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമായ ജീവനക്കാരെ കരാറുകാർ തന്നെ നിയമിക്കേണ്ടതാണ്. എല്ലാ ജീവനക്കാരും 18 വയസ്സിന് മുകളിൽ ഉള്ളവരാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
9. മദ്യം, പുകയില ഉല്പന്നങ്ങൾ തുടങ്ങിയവ വില്ക്കുവാനോ ജീവനക്കാർ ഉപയോഗിക്കുവാനോ പാടില്ല.
10. അപേക്ഷാ ഫോമിൽ രേഖപ്പെടുത്തിയിരിക്കുന്ന അഹാരസാധനങ്ങളുടെ ഇനം തിരിച്ചുള്ള വിലകൾ ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.
11. അപേക്ഷാ ഫോമിൽ വനിതാ ഹോസ്റ്റലിലെ ഭക്ഷണ വിതരണത്തിന്റെ വില കൂടി നിശ്ചയിച്ച് എഴുതേണ്ടതാണ്. അല്ലാത്ത പക്ഷം ക്വട്ടേഷൻ പരിഗണിക്കപ്പെടുന്നതല്ല.

12. മിച്ചം വരുന്ന ആഹാരസാധനങ്ങൾ/ പ്ലാസ്റ്റിക്ക് കവറുകൾ/ ഒഴിഞ്ഞ കുപ്പികൾ/ ചകിരി, ചിരട്ട മുതലായവ തരം തിരിച്ച് സൂക്ഷിക്കേണ്ടതും സ്വന്തം ചിലവിൽ സംസ്കരിക്കേണ്ടതുമാണ്.
13. ഭക്ഷണത്തിന്റെ ഗുണനിലവാരവും, രുചിയും, സേവന നിലവാരവും വിലയിരുത്തി തൃപ്തികരമല്ലെങ്കിൽ ഉടൻ തന്നെ കരാർ അവസാനിപ്പിച്ച് തൊട്ടടുത്ത കരാറുകാരെ ഏൽപ്പിക്കുന്നതാണ്.
14. കരാർ കാലയളവിൽ ഏതെങ്കിലും കരാർ വ്യവസ്ഥകൾ ലംഘിച്ചതായി ബോദ്ധ്യപ്പെട്ടാൽ, കാന്റീൻ കമ്മിറ്റിയുടെ ശുപാർശക്ക് വിധേയമായി കരാർ റദ്ദാക്കുവാൻ പ്രിൻസിപ്പലിന് അധികാരം ഉണ്ടായിരിക്കും.
15. കാന്റീനിൽ UPI payment സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്.
16. കാന്റീനിന്റെ വരവു ചിലവു കണക്കുകളുടെ ഓഡിറ്റ്, നികുതി സംബന്ധമായ ഇടപാടുകൾ എന്നിവ എല്ലാം കരാറുകാർ തന്നെ നോക്കി നടത്തേണ്ടതാണ്.

കരാർ ഉറപ്പിച്ച് കിട്ടുന്ന ആൾക്ക്, ഉറപ്പിക്കുന്ന ദിവസം തന്നെ സെക്യൂരിറ്റി ഡെപ്പോസിറ്റ് 2500 രൂപ (രണ്ടായിരത്തി അഞ്ഞൂറു രൂപ മാത്രം) പണമായി ഓഫീസിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്. പ്രസ്തുത കരാർ കാലാവധി തൃപ്തികരമായി തീരുന്ന പക്ഷം തുക പലിശയില്ലാതെ മടക്കി കൊടുക്കുന്നതാണ്.

ക്വട്ടേഷനുകൾ 23.08.2024 വൈകുന്നേരം 3 മണിവരെ സമർപ്പിക്കാവുന്നതും, ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന വ്യക്തിയുടെ പേരിൽ ഉചിതമെന്ന് തോന്നുന്ന പക്ഷം മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി ക്വട്ടേഷൻ ഉറപ്പിക്കുന്നതുമായിരിക്കും.

ക്വട്ടേഷൻ അടക്കം ചെയ്ത കവറിന് പുറത്ത് "ശ്രീ ശങ്കര കോളേജിൽ കാന്റീൻ നടത്തുന്നതിനുള്ള ക്വട്ടേഷൻ" എന്ന് എഴുതിയിരിക്കേണ്ടതാണ്.

പ്രിൻസിപ്പൽ